(സി) എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത ഈ ജോലി ഈ വർഷം തന്നെ ചെയ്തു തീർത്ത് ജലവിതരണം നടത്താൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) 1993-ൽ ആരംഭിച്ച വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ് കിണർ, പമ്പ് ഹൗസ് എന്നിവ ഒഴികെയുള്ള പണികൾ ഏകദേശം 60% പൂർത്തിയായി. പമ്പിംഗ് മെയിൻ, ക്ളിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, സബ് വിതരണ ശൃംഖല എന്നീ ഘടകങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. രഘുനാഥപുരത്ത് സ്ഥാപിക്കുന്ന ജലസംഭരണിയുടെ പണി ഏറ്റെടുത്ത കരാറുകാരൻ പണി ഉപേക്ഷിച്ചതിനാൽ വീണ്ടും ദർഘാസ് വിളിച്ച് പണി ഏൽപ്പിക്കുവാൻ വേണ്ട നടപടി എടുത്തു വരുന്നു.

(ബി) ഉണ്ട്.

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ളാന്റിന്റെ ദർഘാസുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതി 2001-ൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ട് നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

അകലക്കുന്നം പഞ്ചായത്തിലെ ശുദ്ധജല പദ്ധതി

39 (202) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ അകലക്കുന്നം പഞ്ചായത്തിൽ നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൂർണ്ണമായും വെള്ളം നൽകി തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ എത്രമാത്രം ശുദ്ധജല വിതരണം തുടങ്ങി എന്ന് വ്യക്തമാക്കാമോ ;

(സി) പൂർണ്ണമായും സ്കീം നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കീമിന്റെ പൂർണ്ണമായ പ്രയോജനം എപ്പോൾ ജനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഒന്നിടവിട്ട ദിവസങ്ങളിൽ 149 പൊതുടാപ്പുകളുള്ളതിൽ 124 എണ്ണത്തിൽ ജലവിതരണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകൾ വീതി കൂട്ടിയതും, പി ആന്റ് ടി കേമ്പിൾ പണികൾ നടത്തിയതുമൂലവും പൈപ്പ് ലൈനുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചട്ടുള്ളത് പദ്ധതിയുടെ നടത്തിപ്പിൽ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) അടുത്ത നാലുമാസങ്ങൾക്കുള്ളിൽ പൂർണ്ണമായും പ്രയോജനം ഉറപ്പു വരുത്താൻ നടപടികൾ എടുത്തു വരുന്നു

ലിഫ്റ്റ് ഇറിഗേഷനുകളുടെ അറ്റകുറ്റപ്പണികൾ

40 (203) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിഫ്റ്റ് ഇറിഗേഷനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ് ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ലിഫ്റ്റ് ഇറിഗേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഇവയുടെ അറ്റകുറ്റപ്പണികൾക്കായി 1999-2000 വർഷത്തിൽ സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ ;

(ഡി) മന്ദാരം ലിഫ്റ്റ് ഇറിഗേഷന്റെയും എട്ടുമുന ലിഫ്റ്റ് ഇറിഗേഷന്റെയും പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ഇ) ഈ ലിഫ്റ്റ് ഇറിഗേഷനുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലിഫ്റ്റ് ഇറിഗേഷനുകളുടെ അറ്റകുറ്റപ്പണികൾക്ക് ചീഫ് എൻജിനീയർ അനുമതി നല്കുകയും അതിനനുസരണമായി പണികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ടെൻഡർ വിളിച്ചാണ് പണികൾ ഏർപ്പാട് ചെയ്യുന്നത്.

(ബി) 81 എണ്ണം

(സി) മുൻകാലങ്ങളിൽ ചെയ്ത പണികൾക്ക് 31-01-2000 വരെ 39,75,000 (മുപ്പത്തിയൊമ്പത് ലക്ഷത്തിയെഴുപത്തയ്യായിരം) രൂപ നല്കിയിട്ടുണ്ട്. 1999-2000-ത്തിൽ ഫണ്ടിന്റെ അഭാവമൂലം അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിച്ചിട്ടില്ല.

(ഡി) മന്ദാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 75 എച്ച്.പി.യുടെ 2 മോട്ടോറുകൾ ഉപയോഗിച്ച് ജലസേചനം നടത്തി 103.03 ഹെക്ടർ സ്ഥലത്ത് (മുണ്ടകൻ പുഞ്ച) കൃഷി ചെയ്യുന്നുണ്ട്. എട്ടുമുന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 75 എച്ച്.പി യുടെ 2 മോട്ടോറുകൾ ഉപയോഗിച്ച് ജലസേചനം നടത്തി 257.193 ഹെക്ടർ സ്ഥലത്ത് (മുണ്ടകൻ) കൃഷി ചെയ്യുന്നുണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly